**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2344** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗോതമ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലീ രോഗങ്ങൾ കാരണം ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, സംസ്ഥാനത്ത് AAY, PHH റേഷൻ കാർഡുകാർക്ക് പ്രതിമാസം റേഷൻ വിഹിതമായി നൽകി വരുന്ന ഗോതമ്പ്, ആട്ട എന്നിവ ശരാശരി 98% AAY കാർഡുടമകളും ശരാശരി 95% PHH കാർഡുടമകളും കൈപ്പറ്റുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, വലിയൊരു വിഭാഗം ജനങ്ങൾ ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്നുവെന്ന് കണക്കാക്കാവുന്നതാണ്. |
| (ബി) | കേരളത്തിന് ടൈഡ് ഓവർ വിഹിതമായി പ്രതിമാസം ലഭിച്ചു കൊണ്ടിരുന്ന ഗോതമ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് ടൈഡ് ഓവർ ഇനത്തിൽ 2022 മെയ് മാസം വരെ 26835.124 MT അരിയും 6459.074 MT ഗോതമ്പും ലഭിച്ചിരുന്നുവെങ്കിലും സംസ്ഥാനം ആവശ്യ പ്പെടാതെ തന്നെ കേന്ദ്ര സർക്കാർ 2022 ജൂൺ മാസം മുതൽ ഗോതമ്പിനു പകരമായി അരി അനുവദിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ഗോതമ്പിന്റെ Tide over വിഹിതം പുന:സ്ഥാപിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. |
| (സി) | പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം കേരളത്തിലെ മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്നും ഗോതമ്പ് പൂർണ്ണമായി കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; പൊതുവിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പു വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | PMGKAY പദ്ധതി പ്രകാരം 2022 ഡിസംബർ വരെ അധികമായി അരിയും ഗോതമ്പും ലഭ്യമായിരുന്നുവെങ്കിലും 2023 ജനുവരി മുതൽ AAY /PHH വിഭാഗങ്ങൾക്ക് NFSA 2013 പ്രകാരം ലഭിച്ചിരുന്ന അരി - 3kg, ഗോതമ്പ് - 2kg എന്നിവ PMGKAY പദ്ധതിയുടെ കീഴിൽ കൊണ്ട് വരികയും അത് സൗജന്യ നിരക്കിൽ അനുവദിക്കുകയും, എന്നാൽ പൊതു വിതരണ സമ്പ്രദായം വഴി മുൻഗണനേതര കാർഡുകൾക്ക് ലഭിച്ചിരുന്ന ഗോതമ്പ് വിഹിതം കേന്ദ്ര സർക്കാർ പൂർണ്ണമായും നിർത്തലാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട അൻപത് ലക്ഷത്തിലധികം കാർഡുടമകൾക്ക് ഇനിമുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ ഗോതമ്പിന് പകരം അരി അനുവദിച്ചു തുടങ്ങിയ 2022 ജൂൺ മാസം മുതൽ പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന (NPS, NPNS) കാർഡുകൾക്ക് ഗോതമ്പ് ആട്ട അനുവദിക്കുവാൻ കഴിയാത്ത സാഹചര്യ മാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ